അഖിലേൻഡ്യാ പത്രാധിപസമ്മേളനത്തിലെ മുഖ്യമന്ത്രിയുടെ പ്രസ്താവന

* 1525. [14] ശ്രീ. കെ. എം. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ഒരു വിഭാഗം പത്രങ്ങളും, കേരള സർക്കാരിനെ ഒരു യാഥാർത്ഥ്യമായി സമ്മതിക്കുന്നില്ലെന്നു മുഖ്യമന്ത്രി അടുത്ത ദിവസം തിരുവനന്തപുരത്തു കൂടിയ അഖിലേൻഡ്യാ പത്രാധിപസമ്മേളനത്തിൽ പ്രസ്താവിക്കുകയുണ്ടായോ ;

(ബി) ഉവ്വെങ്കിൽ എന്തടിസ്ഥാനത്തിലാണ് ഈ പ്രസ്താവന ചെയ്തത് ;

(സി) കേരള സർക്കാരും ഇവിടത്തെ ചില പത്രങ്ങളും തമ്മിൽ ഒരു ശീതസമരം നടക്കുന്നുണ്ടെന്നും, ഗവണ്മെൻറിനെ ഈ പത്രങ്ങൾ എതിർക്കുന്നിടത്തോളം കാലം ഈ സ്ഥിതി മാറുകയില്ലെന്നും പ്രസ്തുത യോഗത്തിൽ മുഖ്യമന്ത്രി പ്രസ്താവിക്കുകയുണ്ടായോ ?

മുഖ്യമന്ത്രി (ശ്രീ. ഇ. എം. എസ്സ്. നമ്പൂതിരിപ്പാട്) :

(എ) ഈ അർത്ഥം വരുന്ന ഒരു പ്രസ്താവന ആ പ്രസംഗത്തിലുണ്ട്.

(ബി) പൊതുജനങ്ങളെയും, ഗവണ്മെൻറിനെയും പൊതുവേ ബാധിക്കുന്ന ചില പ്രശ്നങ്ങൾ പരസ്പരം ചർച്ച ചെയ്യുന്നതിനു സഹായകമായ ഒരു മനോഭാവമല്ല പത്രങ്ങളിൽ പലതും പ്രദർശിപ്പിച്ചിട്ടുള്ളതെന്നതിനാൽ.

(സി) പത്രങ്ങളും ഗവണ്മെൻറിനെ എതിർക്കുന്നിടത്തോളം കാലം ഈ സ്ഥിതി മാറുകയില്ല എന്നു പറഞ്ഞിട്ടില്ല.

ശ്രീ. കെ. എം. ജോർജ് : ഒരു ജനാധിപത്യ യുഗത്തിൽ പത്രങ്ങൾക്കു ഗവണ്മെൻറിനെ ശ്രദ്ധാപൂർവം വിമർശിക്കുന്നതിനുള്ള അവകാശത്തെ ഗവണ്മെൻറ് അംഗീകരിക്കുന്നുണ്ടോ ?

ശ്രീ. ഇ. എം. എസ്സ്. നമ്പൂതിരിപ്പാട് : അംഗീകരിക്കുന്നുണ്ട് ഇക്കാര്യം എൻറെ പ്രസംഗത്തിൽ തന്നെ ഒന്നിലധികം തവണ ഞാൻ ആവർത്തിച്ചു പറഞ്ഞിട്ടുള്ളതാണ്; അതു പത്രത്തിൽ വരികയും ചെയ്തതാണ്. ബഹുമാനപ്പെട്ട മെംബറുടെ ദൃഷ്ടി അതിൽ മാത്രം പതിയാതെ പോയതു എന്താണെന്നു് അറിയുന്നില്ല.

ശ്രീ. കെ. എം. ജോർജ് : ബഹുമാനപ്പെട്ട മന്ത്രി പറയുന്നതു്, ചില പത്രങ്ങളും പരസ്പരം ചർച്ച ചെയ്യാനുള്ള സന്നദ്ധത കാണിക്കാത്തതുകൊണ്ടാണ് ഇങ്ങനെയൊരു അഭിപ്രായം പറഞ്ഞതെന്നാണ്. ചില പത്രങ്ങളും ഗവണ്മെൻറിനെ എതിർത്ത കാരണത്താൽ അവയുടെ പേരിൽ കേസുകൊടുത്തതു മൂലമാണ് ഗവണ്മെൻറുമായി ഇങ്ങനെ പരസ്പരം ചർച്ച നടത്താൻ തയ്യാറാകാതിരുന്നതെന്നുള്ള വസ്തുത ഗവണ്മെൻറിനറിയാമോ ?

ശ്രീ. ഇ. എം. എസ്സ്. നമ്പൂതിരിപ്പാട് : ചില പത്രങ്ങൾക്കെതിരായ പല നടപടികളും സ്വീകരിച്ചതുകൊണ്ട്, മറ്റെല്ലാ സ്ഥാപനങ്ങളും ചെയ്യാറുള്ളതു പോലെ ചില നടപടികളും ഈ ഗവണ്മെൻറും സ്വീകരിച്ചു. അതിൽ പത്രങ്ങൾക്കു എതിരുണ്ടെന്നു കണ്ടപ്പോൾ, അതിനെപ്പറ്റി ചർച്ചചെയ്യാൻ എല്ലാ പത്രപ്രവർത്തകരെയും ക്ഷണിച്ചു; പക്ഷേ, അവർ അങ്ങനെ വരാൻ തയ്യാറായില്ല.

ശ്രീ. കെ. എം. ജോർജ് : ചർച്ച നടത്താൻ വരാൻ അവർ തയ്യാറായില്ല എന്നുള്ളതല്ല; അകാരണമായി ചില പത്രങ്ങളുടെ മേൽ എടുത്തിട്ടുള്ള നടപടി പിൻവലിക്കാതെ അതിൽ സംബന്ധിക്കുകയില്ല എന്നല്ലേ അവർ പറഞ്ഞതു് ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ.എം.എസ്. നമ്പൂതിരിപ്പാട് : അങ്ങനെ പറഞ്ഞതിന്റെ അർത്ഥം, അവർ ചർച്ചയിൽ പങ്കെടുക്കാൻ തയ്യാറല്ലെന്നുള്ളതാണ്.

ശ്രീ. കെ. എം. ജോർജ് : പത്ര പ്രവർത്തകരെ ക്ഷണിച്ചു വരുത്തി, ബഹുമാനപ്പെട്ട നിയമമന്ത്രി അവർക്ക് ചില ഉപദേശങ്ങളും കൊടുത്തു എന്നു പറയുന്നതു ശരിയാണോ ?

ശ്രീ. വി. ആർ. കൃഷ്ണയ്യർ : ചില പത്രങ്ങളും കോർട്ടലക്ഷ്യത്തിന്റെ സ്വഭാവമുള്ളതും, ശവണ്മെന്റിനെ ആവശ്യമില്ലാതെ വിമർശിക്കുന്നരീതിയിലുള്ള ചില ദുഷിച്ച നടപടികളും സ്വീകരിക്കുന്നതുകണ്ടിട്ട്, ഉപദേശമായിട്ടല്ല, അതിൽ നിന്നും പിൻമാറണമെന്നുള്ള ചില നല്ല കാര്യങ്ങളും പറഞ്ഞിട്ടുള്ളതു ശരിയാണ്.

ശ്രീ. എം. നാരായണക്കുറുപ്പ് : ഈ ശവണ്മെൻറിനെ ഒരു യാഥാർത്ഥ്യമായി പത്രക്കാർ അംഗീകരിച്ചിട്ടുണ്ടെന്നു ബോധ്യപ്പെട്ടാൽ ശവണ്മെൻറിന്റെ ഒരു സർട്ടിഫിക്കറേ കിട്ടുണമെങ്കിൽ അവർ എന്തെല്ലാം ചെയ്യണം ?

ശ്രീ. ഇ.എം.എസ്. നമ്പൂതിരിപ്പാട് : ഇത്തരം കാര്യങ്ങളെ സംബന്ധിച്ചു ശവണ്മെൻറും പത്ര പ്രതിനിധികളുമായി ചർച്ചനടത്തിയാൽ പരസ്പരം മനസ്സിലാക്കാവുന്ന കാര്യമേയുള്ളൂ.

ശ്രീ. എം. നാരായണക്കുറുപ്പ് : പത്രങ്ങളും ഈ ശവണ്മെൻറിനെ ഒരു യാഥാർത്ഥ്യമായി അംഗീകരിച്ചിട്ടില്ല എന്നു പറഞ്ഞു. അതു എന്തടിസ്ഥാനത്തിലാണ്; അതിനു് അവർ എന്തൊക്കെയാണു ചെയ്യേണ്ടതു് ?

ശ്രീ. ഇ.എം.എസ്. നമ്പൂതിരിപ്പാട് : മറവ സ്റ്റോറുകളിൽ ശവണ്മെൻറിനോടു പത്രക്കാർ ഏതു നില സ്വീകരിക്കുന്നുവോ അതെ നിലപാടു് ഇവിടെയും സ്വീകരിക്കണം.

ശ്രീ. എം. നാരായണക്കുറുപ്പ് : ഈ സ്റ്റോറു ശവണ്മെൻറു വ്യത്യസ്തരീതിയിലുള്ള ഒരു ശവണ്മെൻറാണോ ?

ശ്രീ. ഇ.എം.എസ്. നമ്പൂതിരിപ്പാട് : അല്ല. മറവ സ്റ്റോറുകളിലെ പത്രങ്ങളും ആ സ്റ്റോറു ശവണ്മെൻറുകളോടു സ്വീകരിച്ചിട്ടുള്ള ഒരു നിലപാടു് ഇവിടെ സ്വീകരിച്ചു കാണാത്തതുകൊണ്ടാണു് ഇവിടത്തെ പത്രങ്ങളും ഈ ശവണ്മെൻറിനെ ഒരു യാഥാർത്ഥ്യമായി അംഗീകരിച്ചിട്ടില്ലെന്നു പറഞ്ഞതു്.

ശ്രീ. കെ. കെ. വിശ്വനാഥൻ : ശവണ്മെൻറു് യാഥാർത്ഥ്യമാണെന്നു് അംഗീകരിപ്പിക്കുന്നതിനു വേണ്ടിയാണോ മുമ്പില്ലാത്തവിധത്തിൽ പത്രങ്ങളുടെ പേരിൽ കേസെടുപ്പിക്കുന്നതു് ?

ശ്രീ. ഇ.എം.എസ്. നമ്പൂതിരിപ്പാട് : മുമ്പില്ലാത്ത രീതിയിൽ പത്രങ്ങളുടെ പേരിൽ കേസെടുത്തിട്ടുണ്ടെന്നുള്ളതു് സത്യവിരുദ്ധമാണ്.

ശ്രീ. പി. ടി. ചാക്കോ : എത്ര കേസുകൾ പത്രങ്ങളുടെമേൽ എടുത്തിട്ടുണ്ടു് ? മന്ത്രിമാർ വാദിയായി എത്ര കേസുകളുണ്ടു് ?

Mr. Speaker : That has been answered.

ശ്രീ. പി. ടി. ചാക്കോ : കേസുകൾ വ്യത്യസ്തമായ രീതിയിൽ എടുത്തിട്ടില്ലെന്നേ പറഞ്ഞിട്ടുള്ളൂ.

ശ്രീ. ഇ.വി. ചന്ദ്രശേഖരൻ നായർ : ഏതു ശവണ്മെൻറായാലും നിയമം നിഷേധിക്കാൻ പത്രമുടമകൾക്കു് അധികാരമുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ആർ. കൃഷ്ണയ്യർ : സാധാരണ പത്രക്കാർക്കുള്ള പത്രാവകാശമേ പത്രമുടമകൾക്കും ഉള്ളൂ എന്നു് സുപ്രീംകോർട്ടു് ഇതയിടെയും പറഞ്ഞിട്ടുണ്ടു്. നിയമം പരിപാലിക്കുന്നതിനും ചില പത്രങ്ങൾ പരസ്യമായി നയംമാറുമ്പോലെ കുറെങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നതുകൊണ്ടും കോടതി ഉണ്ടെന്നു് ഓർമ്മിപ്പിക്കുന്നുമാത്രമാണു് ചെയ്തിട്ടുള്ളതു്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : ഡിഫമേറ്ററി ആയ കാര്യങ്ങൾക്കു് കേസുകൊടുക്കാൻ മന്ത്രിയായാൽ അവകാശമില്ലാതാകുമോ ?

Shri V. R. Krishna Iyer : Press is not above the law.

ശ്രീമതി ലീലാദാമോദര മേനോൻ : ശവണ്ണൻറെ പത്രങ്ങളെ യാഥാർത്ഥ്യമായി എടുക്കാത്തതുകൊണ്ടാണോ കുഴപ്പം വന്നിട്ടുള്ളതു് ?

ശ്രീ. ഇ. എം. എസ്സു്. നമ്പൂതിരിപ്പാടു് : എൻറെ പ്രസംഗത്തിൽ വളരെ വ്യക്തമായി ഇക്കാര്യം പറഞ്ഞിട്ടുണ്ടു്. പത്രങ്ങളെ യാഥാർത്ഥ്യമായി ശവണ്ണൻറെ, ശവണ്ണൻറിനെ യാഥാർത്ഥ്യമായി പത്രങ്ങളും അംഗീകരിക്കണം. അതിൻറെ കാര്യത്തിൽ ശവണ്ണൻറിനെ സംബന്ധിച്ചിടത്തോളമുള്ള നില ഇന്നതാണെന്നു് വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ടു്. അതു് അന്നവിടെ കൂടിയിരുന്ന പത്രാധിപന്മാർക്കു് ബോദ്ധ്യപ്പെട്ടിട്ടുമുണ്ടു്.

Shri P. T. Chacko : Sir, I want to put a question.

Mr. Speaker : Yes.

ശ്രീ. പി. ടി. ചാക്കോ : ഈ ശീതസമരത്തിൻറെ സ്വഭാവമെന്താണു് ? സ്പീക്കർ എന്നോടു കാണിക്കുന്നതുപോലെയാണോ ?

Mr. Speaker : I don't understand exactly what the hon. the Leader of the Opposition means when he says: സ്പീക്കർ എന്നോടു് കാണിക്കുന്നതുപോലെയാണോ, ശീതസമരത്തിൻറെസ്വഭാവം''

If there has been any such incident he ought to have pointed it out and raised objection to that, Instead of that to make such reflections upon the Chair was quite unbecoming of the hon. the Leader of the Opposition. That is all that I have to say.

ശ്രീ. പി. ടി ചാക്കോ : എൻറെ ചോദ്യം നിൽക്കുകയാണു് സ്പീക്കറോടു്; ഞാൻ തർക്കിക്കാൻ പോകുന്നില്ല.

Shri E. Chandrasekharan Nair : Sir, on a point of order You have ruled that the statement made by the hon the Leader of the Opposition is quite unbecoming. Is he not bound to withdraw that statement ?

Mr. Speaker : I leave it to the hon. the Leader of the Opposition. I do not insist on him to withdraw it.

ശ്രീ. ഇ. എം. എസ്സു്. നമ്പൂതിരിപ്പാടു് : ശീതസമരം ഉണ്ടെന്നു ഇവടത്തെ പ്രമുഖ പത്രങ്ങളിൽ ഒന്നിൻറെ പത്രാധിപരായ ശ്രീ. കെ. എം. ചെറിയാൻതന്നെ സമ്മേളനത്തിൽ പറഞ്ഞതാണു്. ആ സെൻസിൽത്തന്നെയാണു് ഞാനും പറഞ്ഞതു്.

ശ്രീ. പി. ടി. ചാക്കോ : കെ എം. ചെറിയാൻ പറഞ്ഞതാണെങ്കിലും മുഖ്യമന്ത്രി പറഞ്ഞപ്പോൾ ആ വാക്കിനു് ഒരർത്ഥം കല്പിച്ചിരിക്കുമല്ലോ. എന്ത അർത്ഥത്തിലാണു് മുഖ്യമന്ത്രി ഉപയോഗിച്ചതു് ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. എം. എസ്സ്. നമ്പൂതിരിപ്പാട് : ശീതസമരം എന്ന വാക്കു കുഴിഞ്ഞു പത്തുപന്ത്രണ്ടു കൊല്ലക്കാലമായി ലോകത്തിൽഅതുകൊ ഉപയോഗിച്ചുവരുന്നതാണ്. അതിനൊരർത്ഥം ജനങ്ങളും മനസിലാക്കാവുണ്ട്. അതിൽ കൃത്രിമമായ അർത്ഥമൊന്നും ഞാൻ കല്പിച്ചിട്ടില്ല.

ശ്രീ. പി. ടി. ചാക്കോ : ഈ ശീതസമരത്തിന്റെ സ്വഭാവ വിശേഷങ്ങളും എന്തൊക്കെയാണെന്നാണ് ഞാൻ ചോദിക്കുന്നത് ?

ശ്രീ. ഇ. എം. എസ്സ്. നമ്പൂതിരിപ്പാട് : അതിനെപ്പറ്റി നീണ്ട ഒരു പ്രസംഗം വേണമെങ്കിൽ ഞാൻ വേറൊരവസരത്തിൽ ചെയ്യാം.

റബ്ബർ, തേയില, ഏലം കൃഷി

* 1526. [15] ശ്രീ. കെ. ടി. തോമസ്സ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ രാജ്യത്ത് അതുകൊ എത്ര ഏക്കർ സ്ഥലത്ത് റബ്ബർ, തേയില, ഏലം എന്നീവക തോട്ടവ്യവസായാടിസ്ഥാനത്തിൽ കൃഷിചെയ്തിട്ടുണ്ട് ;

(ബി) ഈ തോട്ടവ്യവസായരംഗത്ത് അതുകൊ എത്ര തൊഴിലാളികളുണ്ട് ?

(സി) ഈ വ്യവസായത്തിലെ ഒരു തൊഴിലാളിയുടെ പ്രതിവർഷ വരുമാനം എത്ര ;

(ഡി) ഈ വ്യവസായരംഗത്തു നിന്നും എത്ര ദേശീയ വരുമാനം ഉണ്ട് ?

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. വി. തോമസ്സ്) :

ഇതിന്റെ വിവരങ്ങൾ മുഴുവൻ ശേഖരിക്കുവാൻ സാധിച്ചിട്ടില്ല. കിട്ടിയ വിവരം വച്ച് പറയുകയാണ്.

(എ) 216453 ഏക്കർ.

(ബി) 125692.

(സി, ഡി) വിവരങ്ങൾ ലഭ്യമല്ല.

ശ്രീ. കെ. ടി. തോമസ് : ഏക്കർ പറഞ്ഞതു് ഏതിന്റെ അടിസ്ഥാനത്തിലാണ് ?

ശ്രീ. ടി. വി. തോമസ് : അതുകൊ മൂന്നിനേയും ചേർന്നതാണ്.

പെൻഷൻകാരുടെ അലവൻസ്.

* 1527. [16] ശ്രീ. പി. രാമുണ്ണിക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെൻഷൻകാർക്ക് കിട്ടിവരുന്ന അലവൻസിൽ ഈ സർവ്വെന്റിനു് വല്ല കുറവും വരുത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര ;

(സി) മലബാറിൽമാത്രമായി ഈ കുറവുകൊണ്ട് എത്രരൂപ അധികമായി കിട്ടും ?

ധനകാര്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ) :

(എ) ഇല്ല.

(ബി, സി) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly